(ഇ) ലോട്ടറിയുമായി ബന്ധപ്പെട്ട് എത്രയാളുകൾക്ക് ജോലി ലഭിക്കുന്നണ്ടെന്നാണ് സർക്കാരിന്റെ കണക്ക് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനഃപരിശോധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭാഗ്യക്കുറി നിരോധനവാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഭാഗ്യക്കുറിയെ സംബന്ധിച്ച സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനമുഖ്യമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രിക്കു രണ്ടു തവണ കത്തെഴുതുകയും പ്രസ്തുത കത്തിലെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അറിയിക്കുകയും ചെയ്തു. ഈ നിരോധനം ബില്ലാക്കി പാർലമെന്റിൽ കൊണ്ടുവരാതിരിക്കാൻ കേരള സർക്കാർ സാദ്ധ്യമായ എല്ലാ സമ്മർദ്ദവും ചെലുത്തി. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ധനകാര്യമന്ത്രി, പ്രധാനമന്ത്രിക്കും, കേന്ദ്ര ആഭ്യന്തരമന്ത്രിക്കും ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി പ്രധാനമന്ത്രിക്കു നൽകുന്ന മെമ്മോറാണ്ടത്തിൽ ഈ ആവശ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള എം.പി.മാർ സംയുക്തമായി ചെറുത്തുനിൽപ്പ് സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇന്റർ സ്റ്റേറ്റ് കൗൺസിൽ മീറ്റിങ്ങിലും, മുഖ്യമന്ത്രിമാരുടെ യോഗങ്ങളും ലോട്ടറി നിരോധനത്തിനെതിരെ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ പത്തുവർഷമായി സംസ്ഥാന ഭാഗ്യക്കുറി വഴിലഭിച്ച മിച്ചം 100,14,40,756/- രൂപയാണ്.

(ഡി) 458 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ഇ) ഭാഗ്യക്കുറിവകുപ്പിലെ 458 ജീവനക്കാരെ കൂടാതെ 32000 ത്തോളം അംഗീകൃത ഏജന്റുമാരും അവരുടെ കീഴിൽ പണിയെടുക്കുന്ന ഏകദേശം 2 1/2 ലക്ഷത്തോളം വരുന്ന വിൽപ്പനക്കാരും മറ്റു അനുബന്ധ തൊഴിലാളികളും ലോട്ടറിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുണ്ട്.

*12 (322) ഓരോ വർഷത്തെയും മുതലെടുപ്പ്

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഓരോ വർഷത്തെയും മുതലെടുപ്പ് എത്ര വീതമായിരുന്നു;

(ബി) ഈ കാലഘട്ടത്തിൽ പലിശയിനത്തിൽ എന്തു തുക വീതം ഓരോ വർഷവും അടയ്ക്കേണ്ടതായി വന്നു;

(സി) ആകെ വരുമാനത്തിന്റെ എത്ര ശതമാനം വീതമാണ് ഓരോ വർഷവും പലിശയിനത്തിൽ അടയ്ക്കേണ്ടതായി വന്നത്;

(ഡി) ഈ ധനകാര്യ വർഷം ഇതുവരെ എന്തു തുക പലിശയായി നൽകി?

ഉത്തരം

(എ)

വർഷം	തുക (കോടി രൂപയിൽ)
1996-97	1049.73

LIBRARY ARCHIVES Kerala Legislative Assembly

	1997-98	1241.55
	1998-99	1706.58
	1999-2000	കണക്കുകൾ പൂർത്തിയായിട്ടില്ല.
(ബി)	വർഷം	പലിശ (കോടി രൂപയിൽ)
	1996-97	812.24
	1997-98	939.21
	1998-99	1071.92
	1999-2000	കണക്കുകൾ പൂർത്തിയായിട്ടില്ല.
(സി)	വർഷം	ശതമാനം
	1996-97	13.22
	1997-98	13.20
	1998-99	14.89
	1999-2000	കണക്കുകൾ പൂർത്തിയായിട്ടില്ല.

(ഡി) 601.12 കോടി രൂപ (1999 നവംബർ മാസം വരെയുള്ള കണക്ക്)

13 (323) സർക്കാർ വാങ്ങിയ വായ്പകൾ

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്വകാര്യ സ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, വൈദ്യുതി ബോർഡ്, തൊഴിലാളി ക്ഷേമനിധികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ ഓരോ സ്ഥാപനങ്ങളിൽ നിന്നും എത്ര പ്രാവശ്യം വായ്പ വാങ്ങിയിട്ടുണ്ട്;

(ബി) ഈ വായ്പയുടെ പലിശ എത്ര ശതമാനമാണ്;

(സി) ഇത്തരം ഓരോ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത വകയിൽ ഗവൺമെന്റ് ഇപ്പോൾ എന്തു തുക വീതം തിരിച്ച് നൽകുവാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വായ്പ വാങ്ങിയിട്ടില്ല.

(ബി)&(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

14 (324) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഫണ്ട്

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സ്വരൂപിച്ച ഫണ്ടിലേയ്ക്ക് എത്ര കോടി രൂപ പിരിഞ്ഞുകിട്ടി;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly